# മത്തായിയുടെ സുവിശേഷത്തിന്റെ
## ജീവ-പഠനം

### ദൂത് പതിനെട്ട്

## രാജ്യത്തിന്റെ ഭരണഘടനയുടെ വിളംബരം

### (6)

ഈ ദൂതിൽ ന്യായപ്രമാണത്തെ സംബന്ധിച്ച് പിന്നെയും ഒരു വാക്ക് നൽകുവാൻ ഞാൻ ഭാരപ്പെടുന്നു. ന്യായപ്രമാണം എന്ന ഈ വിഷയത്തെ സംബന്ധിച്ച് ക്രിസ്തീയ ഉപദേഷ്ടാക്കന്മാരുടെ ഇടയിൽ വളരെയധികം വാദങ്ങളുണ്ടായിട്ടുണ്ട്. ഈ വാദങ്ങൾ മുഖ്യമായും ന്യായപ്രമാണത്തെ സംബന്ധിച്ച് വേദപുസ്തകത്തിൽനിന്നുള്ള വെളിച്ചത്തിന്റെ കുറവു നിമിത്തമായിരുന്നു. പഴയനിയമ വ്യവസ്ഥയനുസരിച്ച് തന്റെ ജനവുമായുള്ള ദൈവത്തിന്റെ ഇടപെടലുകൾ ന്യായപ്രമാണത്തെ അടിസ്ഥാനമാക്കിയായിരുന്നു. ഇത് ന്യായപ്രമാണത്തിന്റെ തത്ത്വമായിരുന്നു. എന്നാൽ പുതിയനിയമ വ്യവസ്ഥയിൽ ദൈവം ഇന്ന് തന്റെ ജനത്തോട് ഇടപെടുന്നത് ന്യായപ്രമാണത്തിനൊത്തവണ്ണമല്ല, വിശ്വാസത്തിനൊത്തവണ്ണമാണ്. അങ്ങനെ, ന്യായപ്രമാണം പഴയനിയമത്തിലെ തന്റെ ജനത്തോടുള്ള ദൈവത്തിന്റെ ഇടപെടലിന്റെ തത്ത്വമായിരുന്നു; എന്നാൽ പുതിയനിയമത്തിൽ നമ്മോടുള്ള ഇടപെടലിന്റെ തത്ത്വം വിശ്വാസമാണ്. പഴയനിയമ വ്യവസ്ഥയനുസരിച്ച് ദൈവത്തിന് സ്വീകാര്യരായിരിക്കുവാൻ ന്യായപ്രമാണം പാലിക്കേണ്ടത് അനിവാര്യമായിരുന്നു. എന്നാൽ ഇന്ന് ദൈവത്തിന് സ്വീകാര്യമായിരിക്കുക എന്നത് വിശ്വാസത്തിന്റെ ഒരു കാര്യമാണ്.

ന്യായപ്രമാണത്തിന്റെ തത്ത്വം നീക്കപ്പെട്ടെങ്കിലും, ന്യായപ്രമാണത്തിലെ കല്പനകൾ നീക്കപ്പെട്ടിട്ടില്ല. കേവലം ന്യായപ്രമാണത്തിന്റെ തത്ത്വം നീക്കപ്പെട്ടതുകൊണ്ട് ന്യായപ്രമാണത്തിലെ കല്പനകളെ നീക്കിയെന്നും മാതാപിതാക്കളെ ബഹുമാനിക്കുകയോ മോഷ്ടിക്കുന്നതിൽനിന്നും വിട്ടുനിൽക്കുകയോ ചെയ്യേണ്ട ആവശ്യമില്ലെന്നും ചിന്തിക്കരുത്. ഇല്ല, നീക്കപ്പെടുന്നതിനുപകരം ന്യായപ്രമാണത്തിലെ കല്പനകളെ ഉയർത്തിയിരിക്കുന്നു. ദൈവവുമായി നാം ബന്ധപ്പെടുന്നത് ന്യായപ്രമാണത്തിന്റെ തത്ത്വത്തെ അടിസ്ഥാനമാക്കിയല്ലെങ്കിലും, ന്യായപ്രമാണത്തിലെ ഉയർത്തപ്പെട്ട കല്പനകൾ നാം അപ്പോഴും പാലിക്കണം.

## ശബ്ബത്ത് ആചരിക്കേണ്ട ആവശ്യമില്ല

ഈ ഘട്ടത്തിൽ സെവൻത് ഡേ അഡ്വന്റിസ്റ്റുകാർ പറയുമായിരിക്കും, "അതേ, ന്യായപ്രമാണത്തിലെ എല്ലാ കല്പനകളെയും നാം പാലിക്കണം. അവയിൽ ഒന്ന് ശബ്ബത്ത് ആചരിക്കുക എന്നതാണ്. ന്യായപ്രമാണത്തിന്റെ കല്പനകൾ നീക്കപ്പെട്ടിട്ടില്ല എന്ന് താങ്കൾ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ താങ്കൾ ശബ്ബത്ത് ആചരിക്കണമെന്ന് ഞങ്ങൾ താങ്കളോടു പറയുന്നു." ദൈവത്തിന്റെ കല്പനകൾ നീക്കപ്പെട്ടിട്ടില്ലെങ്കിലും, ഈ കല്പനകളിൽ ഒന്നായ ശബ്ബത്ത് ആചരിക്കുന്നതിനെക്കുറിച്ചുള്ള പ്രമാണം, ധാർമികതയോടു ബന്ധപ്പെട്ടതല്ല. മറിച്ച്, അത് ആചാരസംബന്ധമായ ഒരു പ്രമാണമാണ്. നാം ഇനിമേൽ ആചരിക്കുവാൻ ആവശ്യമില്ലാത്ത ഒരു രൂപം, ഒരു നിഴൽ ആണ് ഒരു ആചാരം. ഉദാഹരണത്തിന്, മൃഗയാഗങ്ങൾ അർപ്പിക്കേണ്ട ആവശ്യം നമുക്കില്ലല്ലോ? അതുപോലെ, നാം ഇനിമേൽ ശബ്ബത്ത് ആചരിക്കേണ്ട ആവശ്യമില്ല. നിഴലുകളുടെ യുഗമായ പഴയനിയമത്തിൽ യാഗങ്ങളുടെയും, വിരുന്നുകളുടെയും, ശബ്ബത്താചരണത്തിന്റെയും ആവശ്യമുണ്ടായിരുന്നു. എന്നാൽ ഇന്ന് യാഥാർഥ്യത്തിന്റെ യുഗമാണ്. നമ്മുടെ യാഗവസ്തു ഒരു കുഞ്ഞാടോ ഒരു കോലാടോ അല്ല; അത് പഴയനിയമത്തിലെ എല്ലാ യാഗങ്ങളുടെയും യാഥാർഥ്യമായ ക്രിസ്തു ആണ്. ഇതേ രീതിയിൽ, നമ്മുടെ വിശ്രമം ഒരു പ്രത്യേക ദിവസമല്ല, അതും ക്രിസ്തു ആണ്. യാഥാർഥ്യമായ ക്രിസ്തു ഇവിടെയുള്ളതുകൊണ്ട് എല്ലാ നിഴലുകളും അവസാനിച്ചു. ശബ്ബത്ത് ആചരിക്കുക എന്ന കല്പന ധാർമികമായ ഒരു കല്പനയല്ല, മറിച്ച്, ആചാരസംബന്ധമായ ഒരു കല്പനയായതുകൊണ്ട് അത് പാലിക്കുവാൻ നാം ഇന്ന് ബാധ്യസ്ഥരല്ല. ഈ കല്പന ധാർമികതയോട് ബന്ധപ്പെട്ടതല്ല, ഇപ്പോൾ കഴിഞ്ഞുപോയിരിക്കുന്ന നിഴലിനോട്, രൂപത്തോട് ബന്ധപ്പെട്ടതാണ്.

## ന്യായപ്രമാണത്തിന്റെ തത്ത്വം

ന്യായപ്രമാണത്തിന്റെ തത്ത്വത്തെ സംബന്ധിച്ച് നാം മതിപ്പുള്ളവരായിരിക്കണം. തന്റെ ജനവുമായുള്ള ദൈവത്തിന്റെ ഇടപെടൽ എല്ലായ്പോഴും ഒരു തത്ത്വത്തെ അടിസ്ഥാനമാക്കിയാണ്. ഉദാഹരണത്തിന്, അബ്രാഹാമിനോടുള്ള ദൈവത്തിന്റെ ഇടപെടൽ ദൈവത്തിന്റെ വാഗ്ദത്തത്തെ അടിസ്ഥാനമാക്കിയായിരുന്നു. ദൈവം അബ്രാഹാമിന് ന്യായപ്രമാണ കല്പനകൾ നല്കിയില്ല; അവൻ അവന് വാഗ്ദത്തം മാത്രമേ നൽകിയുള്ളൂ. അങ്ങനെ, തന്റെ വാഗ്ദത്തപ്രകാരം ദൈവം അവനോട് ഇടപെട്ടു. അബ്രാഹാമിന് ദൈവം നൽകിയ വാഗ്ദത്തം ദൈവം അവനോട്

ഇടപെടുവാനുള്ള തത്ത്വമായിത്തീർന്നു. പിന്നീട്, മോശെയിലൂടെ ദൈവം യിസ്രായേൽമക്കൾക്ക് ന്യായപ്രമണം നൽകി. സീനായിമലയിൽ വച്ച് നൽകപ്പെട്ട ന്യായപ്രമാണം അങ്ങനെ ദൈവം യിസ്രായേൽമക്കളോട് ഇടപെടുന്ന തത്ത്വമായിത്തീർന്നു. ഈ രീതിയിൽ പഴയനിയമത്തിലെ തന്റെ ജനത്തോടുള്ള ദൈവത്തിന്റെ ഇടപെടലുകൾക്കുവേണ്ടി ന്യായപ്രമാണം തത്ത്വമായിത്തീർന്നു. ഇപ്പോൾ പുതിയനിയമത്തിൽ ന്യായപ്രമാണത്തിനൊത്തവണ്ണമല്ല, വിശ്വാസത്തിത്തിനൊത്തവണ്ണം ദൈവം വിശ്വാസികളോട് ഇടപെടുന്നു. ഇത് റോമാലേഖനത്തിലും ഗലാത്യലേഖനത്തിലും പൂർണ്ണമായി വികാസം പ്രാപിച്ചിരിക്കുന്നു. ഈ ലേഖനങ്ങൾ നിങ്ങൾ വായിക്കുന്നുവെങ്കിൽ, ദൈവം ന്യായപ്രമാണത്തിനൊത്തവണ്ണമല്ല, വിശ്വാസത്തിത്തിനൊത്തവണ്ണമാണ് ക്രിസ്റ്റുവിലുള്ള വിശ്വാസകിളോട് ഇടപെടുന്നതെന്ന് നിങ്ങൾ കാണും. പഴയനിയമകാലത്ത് ദൈവം ജനത്തെ ന്യായപ്രമാണത്തിനൊത്തവണ്ണം സ്വീകരിച്ചു. ദൈവത്താൽ സ്വീകാര്യനാകുവാൻ ഒരുവൻ ആഗ്രഹിക്കുന്നുവെങ്കിൽ, അവൻ ന്യായപ്രമാണത്തിന്റെ നിലവാരത്തെ സന്ധിക്കേണ്ടതുണ്ട്. എന്നാൽ ഇന്ന് ന്യായപ്രമാണമനുസരിച്ചല്ല, നാം ക്രിസ്റ്റുവിൽ വിശ്വസിക്കുന്നുണ്ടോ ഇല്ലയോ എന്നതിനനുസരിച്ച് ദൈവം നമ്മെ സ്വീകരിക്കുന്നു. അങ്ങനെ, ഇന്ന് ദൈവം നമ്മെ സ്വീകരിക്കുന്നത് വിശ്വാസത്തെ അടിസ്ഥാനമാക്കിയാണ്.

## ന്യായപ്രമാണ കല്പനകൾ നീക്കപ്പെട്ടില്ല, മറിച്ച് ഉയർത്തപ്പെട്ടു

ദൈവം ന്യായപ്രമാണത്തിന്റെ തത്ത്വമനുസരിച്ചല്ല വിശ്വാസികളായ നമ്മോട് ഇടപെടുന്നത് എന്ന വസ്തുത, പഴയ പ്രമാണത്തിന്റെ കല്പനകൾ നീക്കപ്പെട്ടു എന്ന് അർഥമാക്കുന്നില്ല. ഉദാഹരണത്തിന്, പഴയ പ്രമാണത്തിന്റെ ആദ്യത്തെ രണ്ടു കല്പനകൾ മറ്റു ദൈവങ്ങൾ ഉണ്ടായിരിക്കരുതെന്നതിനെയും വിഗ്രഹങ്ങൾ ഉണ്ടാക്കരുതെന്നതിനെയും സംബന്ധിച്ചായിരുന്നു. ന്യായപ്രമാണത്തിന്റെ തത്ത്വം നീക്കപ്പെട്ടു എന്നു പറയുന്നത് ഈ കല്പനകൾ നീക്കപ്പെട്ടു എന്നല്ല അർഥമാക്കുന്നത്. മറിച്ച്, പുതിയനിയമം അനുസരിച്ച് ഈ കല്പനകൾക്ക് ഊന്നൽ നൽകുകയും, അവയെ ബലപ്പെടുത്തുകയും, ഉയർത്തുകയും ചെയ്യുന്നു എന്നാണ്. പഴയനിയമത്തിൽ ഭൗതികമായ ഒരു വിഗ്രഹം ഉണ്ടാക്കരുതെന്ന് നമ്മോടു പറഞ്ഞിരിക്കുന്നു. എന്നാൽ പുതിയനിയമത്തിൽ നമ്മുടെ അത്യാഗ്രഹംപോലും ഒരു രൂപത്തിലുള്ള വിഗ്രഹാരാധനയാണെന്ന് നമ്മോടു പറയുന്നു (കൊലൊ. 3:5). അത്യാഗ്രഹം ഒരു വിഗ്രഹമാണ്. ഇതിലൂടെ വിഗ്രഹാരാധനയെ സംബന്ധിച്ച കല്പനയുടെ ഉയർത്തൽ നാം

കാണുന്നു. അതേ, ന്യായപ്രമാണത്തിന്റെ കല്പനയല്ല, ന്യായപ്രമാണത്തിന്റെ തത്ത്വമാണ് നീക്കപ്പെട്ടത്. നമ്മുടെ മാതാപിതാക്കളെ ബഹുമാനിക്കുന്നതിനെക്കുറിച്ചുള്ള കല്പന ഒരിക്കലും നീക്കപ്പെട്ടിട്ടില്ല. പുതിയനിയമത്തിൽ ഈ കല്പന ആവർത്തിക്കപ്പെടുകയും, ബലപ്പെടുത്തപ്പെടുകയും, ഉയർത്തപ്പെടുകയും ചെയ്തു. കഴിഞ്ഞകാലത്ത് യിസ്രായേൽമക്കൾ ചെയ്തതിനെക്കാൾ കൂടുതലായി നാം നമ്മുടെ മാതാപിതാക്കളെ ബഹുമാനിക്കണം.

കൊലപാതകത്തെയും വ്യഭിചാരത്തെയും സംബന്ധിച്ച കല്പനകളെ കർത്താവായ യേശു ഉയർത്തി എന്നു നാം കണ്ടു. കൊലപാതകത്തെയും വ്യഭിചാരത്തെയും സംബന്ധിച്ച പഴയനിയമ കല്പനകൾ പര്യാപ്തമല്ലാതിരുന്നതുകൊണ്ട് കർത്താവ് അവയെ പൂർണ്ണമാക്കി. കൊലചെയ്യുന്നതിനെ സംബന്ധിച്ച പഴയ കല്പനയിൽ വെറുപ്പിന്റെയോ കോപത്തി-ന്റെയോ വിഷയം ഉൾപ്പെട്ടിരുന്നില്ല. അങ്ങനെ, തന്റെ സഹോദരനോട് കോപിക്കുന്നവൻ ന്യായവിധിക്ക് വിധേയനാകുമെന്ന് പറഞ്ഞതിലൂടെ കൊലപാതകത്തെ സംബന്ധിച്ച പഴയ പ്രമാണത്തെ കർത്താവ് പൂർണ്ണമാക്കി. സ്ത്രീയെ മോഹിക്കുവാൻവേണ്ടി അവളെ നോക്കുന്നവൻ തന്റെ ഹൃദയത്തിൽ അവളുമായി വ്യഭിചാരം ചെയ്തുകഴിഞ്ഞുവെന്ന് പറഞ്ഞതിലൂടെ വ്യഭിചാരത്തെ സംബന്ധിച്ച കല്പനയെയും അവൻ പൂർണ്ണമാക്കി. ഈ ഉദാഹരണങ്ങളിലൂടെ നാം കാണുന്നത് ധാർമികമായ പ്രമാണങ്ങൾ ഒരിക്കലും നീക്കപ്പെട്ടിട്ടില്ല എന്നാണ്; പകരം, അവ ഉയർത്തപ്പെട്ടിരിക്കുന്നു. ശബ്ബത്ത് ആചരിക്കണമെന്ന നാലാമത്തെ കല്പനയൊഴികെ പത്തു കല്പനകളിൽ എല്ലാം പുതിയനിയമത്തിൽ ആവർത്തിക്കപ്പെടുകയും ഉയർത്തപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ കല്പന ധാർമികതയോടു ബന്ധപ്പെട്ടതല്ലാത്തതുകൊണ്ട് അത് അവസാനിച്ചു. ഇത് ആചാരസംബന്ധമായ ഒരു കല്പനയാണ്.

## ധാർമികതയുടെ ഒരു ഉയർന്നനിലവാരം

ഇനി നാം ഈ ദൂതിലുള്ള എന്റെ യഥാർത്ഥ ഭാരത്തിലേക്കു വരുന്നു. അതേ, പുതിയനിയമത്തിൽ രക്ഷ അടിസ്ഥാനപ്പെട്ടിരിക്കുന്നത് വിശ്വാസത്തിന്റെ തത്ത്വത്തിന്മേലാണ്; അതിന് ന്യായപ്രമാണവുമായി യാതൊരു കാര്യവുമില്ല. ന്യായപ്രമാണം പാലിച്ചതിലൂടെയല്ല, വിശ്വാസം മുഖാന്തരമാണ് നാം എല്ലാവരും രക്ഷിക്കപ്പെട്ടത്. എന്നാൽ നാം രക്ഷിക്കപ്പെട്ടതിനുശേഷം, പഴയ പ്രമാണത്തിന്റേതിനെക്കാൾ ഉയർന്ന ധാർമിക നിലവാരമുള്ള ഒരു ജീവിതം നയിക്കണം. ന്യായപ്രമാണം പാലിക്കുന്നതിലൂടെ നാം രക്ഷിക്കപ്പെട്ടവരല്ലാത്തതുകൊണ്ട് അയഞ്ഞവരോ, അലസന്മാരോ, അസാന്മാർഗ്ഗികളോ ആയിരിക്കുവാൻ നമുക്ക് സ്വാതന്ത്ര്യമുണ്ടെന്ന് ഒരിക്കലും ചിന്തിക്കരുത്. ന്യായപ്രമാണത്തിന്റെ

തത്ത്വമനുസരിച്ചല്ല, പ്രത്യുത വിശ്വാസത്തിന്റെ തത്ത്വമനുസരിച്ച് ദൈവം നമ്മോട് ഇടപെടുന്നതുകൊണ്ട് ന്യായപ്രമാണത്തിന്റെ കല്പനകൾക്കുവേണ്ടി നാം കരുതേണ്ടതില്ലെന്ന് ചിന്തിക്കരുത്. ഇങ്ങനെ ചിന്തിക്കുന്നവൻ ഇന്നത്തെ ക്രിസ്തുമതത്തിന്റെ ഭാഗത്തു കാണപ്പെടുന്ന ഉപദേശങ്ങളാൽ മത്തരായിരിക്കുന്നു. നാം സുബോധമുള്ളവരായിരിക്കണം. ഞാൻ വീണ്ടും പറയട്ടെ, നാം രക്ഷിക്കപ്പെട്ടതിനുശേഷം, പഴയ പ്രമാണത്തിന്റേതിനെക്കാൾ വളരെ ഉയർന്ന നിലവാരമുള്ള ഒരു ജീവിതം നയിക്കേണ്ടതാവശ്യമാണ്. നമ്മുടെ നിലവാരം ന്യായപ്രമാണത്തിന്റെ അനുശാസനകളുടേതിനെക്കാൾ ഉയർന്നതായിരിക്കണം. നാം ആരെയും കൊലചെയ്യരുതെന്ന് ന്യായപ്രമാണം ആവശ്യപ്പെടുന്നു. എന്നാൽ നാം മറ്റുള്ളവരോട് കോപിക്കുകപോലും അരുത്. നമ്മുടെ സഹോദരനോട് അവജ്ഞയുടെ ഒരു പദപ്രയോഗമായ "റാക്കാ" എന്നോ, ഒരു മത്സരിയെ സൂചിപ്പിക്കുന്ന കുറ്റംവിധിക്കലിന്റെ ഒരു പദമായ "മോറേ" എന്നോ നാം പറയുന്നുവെങ്കിൽ, നാം ന്യായവിധിയുടെ അപകടത്തിലായിരിക്കും. നമ്മുടെ സഹോദരനെ നാം കൊല്ലുകയില്ലെങ്കിലും, അവനെ ഒരു മൂഢനെന്നോ ഒരു മത്സരിയെന്നോ നാം വിളിക്കുന്നെങ്കിൽപോലും നാം വളരെ ഗുരുതരമായ പ്രശ്നത്തിലാണെന്ന് നാം കണ്ടെത്തും.

## കോപത്തിന്റെയും മോഹത്തിന്റെയും പ്രശ്നങ്ങൾ

മത്തായി 5-ൽ കർത്താവായ യേശു കൊലപാതകത്തെയും വ്യഭിചാരത്തെയും കുറിച്ച് സംസാരിച്ചു. കൊലപാതകം നമ്മുടെ കോപത്തെയും വ്യഭിചാരം നമ്മുടെ മോഹത്തെയും പരാമർശിക്കുന്നു. നമ്മുടെ കോപവും നമ്മുടെ മോഹവും ഇടവിടാതെ നമ്മെ നശിപ്പിക്കുകയും ശല്യപ്പെടുത്തുകയും ചെയ്യുന്നു. നാം കല്ലായിരുന്നെങ്കിൽ, ഈ രണ്ടു കാര്യങ്ങളാൽ നാം അലട്ടപ്പെടുകയില്ലായിരുന്നു. നിങ്ങൾ ഒരു കല്ലിനെ എത്രമാത്രം അസഹ്യപ്പെടുത്തുകയോ, അപമാനിക്കുകയോ, മുറിപ്പെടുത്തുകയോ ചെയ്താലും, അതിന് കോപമില്ലാത്തതുകൊണ്ട് ഒരിക്കലും പ്രതികരിക്കുകയില്ല. കൂടാതെ, കല്ലിന് മോഹവുമില്ല. അങ്ങനെ അതിനെ മോഹത്താൽ പ്രലോഭിപ്പിക്കുവാൻ കഴിയുകയില്ല. എന്നാൽ നാം ദിവസവും നമ്മുടെ കോപത്താൽ വിഷമിക്കുകയോ നമ്മുടെ മോഹത്താൽ പ്രലോഭിതരാകുകയോ ചെയ്യുന്നു. നമ്മെ അസഹ്യപ്പെടുത്തുകയും നീരസപ്പെടുത്തുകയും ചെയ്യുന്നത് എത്ര എളുപ്പമാണ്! ഒരു ദിവസം പത്തു പ്രാവശ്യമെങ്കിലും നമ്മിൽ ചിലർ നീരസപ്പെടുന്നുണ്ടാകാം. നിങ്ങളുടെ ഭർത്താവിനാലോ ഭാര്യയാലോ, നിങ്ങളുടെ മക്കളാലോ, നിങ്ങളുടെ അയൽവാസികളാലോ, നിങ്ങളുടെ മരുമക്കളാലോ നിങ്ങൾ നീരസപ്പെടുന്നുണ്ടാകാം. നിങ്ങളുടെ ചെരുപ്പിനാലോ, അടുപ്പിനാലോ, നിങ്ങളുടെ ചായപ്പാത്രത്താലോപോലും നിങ്ങൾ

നീരസപ്പെടുന്നുണ്ടാകും. തങ്ങളുടെ അടുക്കളയാൽ നീരസപ്പെട്ടിരുന്ന ചില സഹോദരിമാരെ എനിക്കറിയാം. അവരുടെ കോപത്തെ ഒരിക്കലും അണയ്ക്കുവാൻ കഴിയുകയില്ലെന്നു തോന്നുന്നു. മറ്റുചിലർ മോഹത്താൽ വിഷമിക്കുന്നു. ഇക്കാരണത്താൽ, ഒരു നീണ്ട സമയത്തേക്ക് എതിർലിംഗത്തിലുള്ള ഒരു ആളുമായി അധികനേരം ഒറ്റയ്ക്കിരിക്കരുതെന്ന് ഉല്പത്തിയുടെ ജീവ-പഠന ദൂതുകളിലൊന്നിൽ ഞാൻ ചൂണ്ടിക്കാണിച്ചിരുന്നു. നിങ്ങൾ അങ്ങനെ സമയം ചിലവഴിച്ചാൽ, നിങ്ങളുടെ ഘോരമായ മോഹങ്ങളാൽ നിങ്ങൾ പ്രലോഭിപ്പിക്കപ്പെടും.

പഴയ പ്രമാണത്തിന്റേതിനെക്കാൾ ഉയർന്ന ഒരു ധാർമിക നിലവാരത്തിൽ ജീവിക്കുന്നതിന് നിങ്ങളുടെ കോപത്തെയും നിങ്ങളുടെ മോഹങ്ങളെയും നിങ്ങൾ ജയിച്ചിരിക്കണം. ഇത് ചെയ്യുവാൻ എളുപ്പമല്ലെന്ന് നിങ്ങൾ പറഞ്ഞേക്കാം. ശരിയാണ്, ഇത് എളുപ്പമല്ല. ഇതുകൊണ്ടാണ് നിങ്ങൾക്ക് ക്രിസ്തുവിനെ ആവശ്യമായിരിക്കുന്നത്. ഇതുകൊണ്ടാണ് നിങ്ങൾക്ക് മറ്റൊരു ജീവൻ ആവശ്യമായിരിക്കുന്നത്. ക്രിസ്തുവിനോടുകൂടെ തങ്ങേണ്ടത് നമുക്ക് എത്രമാത്രം ആവശ്യമായിരിക്കുന്നു! ദിനംപ്രതി മാത്രമല്ല, മണിക്കൂറുതോറും നാം അവനെ ബന്ധപ്പെടണം. നമ്മുടെ ഉള്ളിലുള്ള കോപവും മോഹവും നിമിത്തം അവനുമായി നാം നിരന്തരമായ കൂട്ടായ്മ നിലനിർത്തേണ്ടത് ആവശ്യമാണ്. നിങ്ങൾ മരമോ കല്ലോ അല്ലെന്ന് നിങ്ങൾ തിരിച്ചറിയണം. നിങ്ങൾ മരമോ കല്ലോ ആയിരുന്നെങ്കിൽ, നിങ്ങൾ കോപത്തെയും മോഹത്തെയുംകുറിച്ച് ആശങ്കയുള്ളവനായിരിക്കുമായിരുന്നില്ല. എന്നാൽ നിങ്ങൾ ജീവനുള്ള ഒരുവനായതുകൊണ്ട് ഈ രണ്ടു കാര്യങ്ങൾ നിങ്ങളുടെ ഉള്ളിലുണ്ട്. കോപവും മോഹവും, നിങ്ങളുടെ ഉള്ളിലില്ലേ? ഏതു സമയത്തും നമ്മുടെ കോപത്താൽ നാം ഇടറിപ്പോകുകയും നമ്മുടെ മോഹത്താൽ നാം പ്രലോഭിപ്പിക്കപ്പെടുകയും ചെയ്യാം. ജാഗ്രതയുള്ളവരായിരിക്കുക! ഉണർന്നിരിക്കുകയും നമ്മുടെ കോപവും നമ്മുടെ മോഹവും എന്ന ഈ രണ്ട് "ഭൂതങ്ങളെ" സംബന്ധിച്ച് പ്രാർഥിക്കുകയും ചെയ്യുക. വിശ്വാസത്തിന്റെ തത്ത്വത്തിൽ നാം രക്ഷിക്കപ്പെട്ടതിനുശേഷം നാം ഒരു ഉയർന്ന ജീവിതം, ഉന്നത നിലവാരമുള്ള ഒരു ജീവിതം നയിക്കേണ്ടത് ആവശ്യമാണ്. ഉന്നത നിലവാരത്തോടുകൂടെയുള്ള ഈ ജീവിതമാണ് നമ്മുടെ കോപത്തെയും നമ്മുടെ മോഹത്തെയും ജയിക്കുന്ന ജീവിതം.

## വിശ്വാസികളുടെ ന്യായവിധിയെ സംബന്ധിച്ച ഒരു മുന്നറിയിപ്പ്

ആഴ്ചതോറും അനേകർ ക്രിസ്തുമതത്തിന്റെ ഉപദേശങ്ങളാൽ മത്തരാക്കപ്പെടുന്നു. ഈ ഉപദേശങ്ങൾ ക്രിസ്ത്യാനികൾക്ക്

മുന്നറിയിപ്പു നൽകുകയോ അവരോട് സത്യം പറയുകയോ ചെയ്യുന്നില്ല. കോപമുള്ളവരായിരിക്കുന്നതിനാലും മറ്റുള്ളവരെ നിന്ദിക്കുകയോ കുറ്റംവിധിക്കുകയോ, തങ്ങളുടെ മോഹങ്ങൾക്ക് വിട്ടുകൊടുക്കുകയോ ചെയ്യുന്നതിനാലും അവർക്ക് വളരെ ക്ലേശങ്ങളുണ്ടാകുമെന്ന് അനേകർക്കും മുന്നറിയിപ്പ് ലഭിച്ചിട്ടില്ല. നമ്മുടെ സഹോദരനോട് ഒരല്പം അവജ്ഞ കാണിച്ചാൽപോലും നാം ന്യായവിധിക്ക് വിധേയരാകും (5:22). നാം നശിച്ചുപോകുമെന്ന് ഇത് അർഥമാക്കുന്നില്ല. ഇല്ല, രക്ഷിക്കപ്പെട്ട ഒരു വ്യക്തി ഒരിക്കലും നശിച്ചുപോകുകയില്ല; നഷ്ടപ്പെട്ടുപോയ ഒരുവൻ ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ പ്രത്യക്ഷനാകുവാൻ യോഗ്യനായിരിക്കുകയുമില്ല. വിശ്വാസത്തിന്റെ തത്ത്വമനുസരിച്ച് രക്ഷിക്കപ്പെട്ടവർക്കു മാത്രമേ അവിടെ നിൽക്കുവാൻ യോഗ്യതയുള്ളൂ. എന്നാൽ ക്രിസ്തുവിന്റെ ന്യായാസനത്തിങ്കൽ നിങ്ങൾക്കൊരു പ്രശ്നം ഉണ്ടായിരിക്കുന്നത് അസാധ്യമാണെന്ന് ചിന്തിക്കരുത്. "ഞാൻ ഒരു ബാങ്ക് കൊള്ളയടിക്കുകയോ ആരെയെങ്കിലും കൊല്ലുകയോ ചെയ്തിട്ടില്ല. എന്റെ സംയമനം ഞാൻ നഷ്ടപ്പെടുത്തി എന്ന ഒരു കാര്യം മാത്രമേ ഞാൻ ചെയ്തിട്ടുള്ളൂ" എന്ന് നിങ്ങൾ കർത്താവിനോട് പറഞ്ഞേക്കാം. എന്നാൽ കേവലം നിങ്ങളുടെ സംയമനം നഷ്ടപ്പെടുത്തിയെന്ന പ്രവൃത്തി നിങ്ങളെ ന്യായവിധിയിലേക്ക് കൊണ്ടുവരാം.

5:22-ലെ ക്രിസ്തുവിന്റെ ന്യായാസനത്തിൽവച്ചുള്ള വിശ്വാസികളുടെ ന്യായവിധി യെഹൂദജനത്തിന്റെ പശ്ചാത്തലമനുസരിച്ച് മൂന്നു തരത്തിലുള്ള ന്യായവിധികളാൽ വിശദീകരിക്കപ്പെടുന്നു: നഗര കവാടത്തിൽവച്ചുള്ള ന്യായവിധിയും, സൻഹെദ്രിന്റെ മുമ്പിൽവച്ചുള്ള ന്യായവിധിയും, തീയുടെ ഗെഹെന്നയുടെ ന്യായവിധിയും. ഈ മൂന്നു തലങ്ങളിലുമുള്ള ന്യായവിധി ക്രിസ്തുവിന്റെ ന്യായാസനത്തിൽവച്ചുള്ള ഏക ന്യായവിധിയെ പരാമർശിക്കുന്നു. വിശ്വാസത്തിന്റെ തത്ത്വമനുസരിച്ച് രക്ഷിക്കപ്പെട്ടവരായ ക്രിസ്ത്യാനികളായ നാം വെളിപ്പാട് 20-ൽ പറഞ്ഞിരിക്കുന്ന വെള്ളസിംഹാസനത്തിൽവച്ച് ന്യായംവിധിക്കപ്പെടുകയില്ല. പകരം, വെള്ളസിംഹാസനത്തിൽവച്ചുള്ള ന്യായവിധിക്ക് ആയിരം വർഷം മുമ്പ് ക്രിസ്തുവിന്റെ ന്യായാസനത്തിൽവച്ച് നാം ന്യായംവിധിക്കപ്പെടും. വലിയ വെള്ളസിംഹാസനത്തിൽവച്ചുള്ള ന്യായവിധി അവിശ്വാസികൾക്ക് അവരുടെ നിത്യനാശത്തെ സംബന്ധിച്ചുള്ളതായിരിക്കും. എന്നാൽ ക്രിസ്തുവിന്റെ ന്യായാസനത്തിൽവച്ചുള്ള ന്യായവിധി വിശ്വാസികൾ പ്രതിഫലം പ്രാപിക്കുമോ അതോ ശിക്ഷിക്കപ്പെടുമോ എന്നതിനെ സംബന്ധിച്ചായിരിക്കും.

വർഷങ്ങളായി നിങ്ങളിൽ അനേകർ ക്രിസ്തുമതത്തിൽ ഉണ്ടായിരുന്നുവെങ്കിലും ഇങ്ങനെയുള്ള സുബോധമുളവാക്കുന്ന ഒരു ദൂത് ഒരുപക്ഷേ നിങ്ങൾ ഒരിക്കലും കേട്ടിട്ടുണ്ടാവില്ല. കൃപയാൽ

വിശ്വാസംമൂലം നിങ്ങൾ രക്ഷിക്കപ്പെട്ടുവെങ്കിലും, പഴയ പ്രമാണം ആവശ്യപ്പെടുന്നതിനെക്കാൾ ഉയർന്ന ധാർമിക നിലവാരമുള്ള ഒരു ജീവിതം നിങ്ങൾ ഇപ്പോഴും നയിക്കേണ്ടതാവശ്യമാണെന്ന് നിങ്ങളോടു പറയുന്ന ഒരു പ്രസംഗം നിങ്ങൾ എപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ? ഒരിക്കലും സംയമനം നഷ്ടപ്പെടുത്താത്തതും അല്ലെങ്കിൽ മോഹിക്കേണ്ടതിന് ഒരു സ്ത്രീയെ നോക്കാത്തതുമായ ഒരു ജീവിതം നിങ്ങൾ നയിക്കണമെന്ന് നിങ്ങളോട് എപ്പോഴെങ്കിലും പറഞ്ഞിട്ടുണ്ടോ? സ്വർഗരാജ്യത്തിന്റെ പ്രമാണമായ ഉന്നത പ്രമാണം ബാഹ്യമായ പ്രവൃത്തികളെ മാത്രമല്ല, പിന്നെയോ ആന്തരിക ഉദ്ദേശ്യത്തെയും സ്പർശിക്കുന്നു. ഈ പ്രമാണത്തിന്റെ നിലവാരം എത്ര ഉന്നതമാണ്! ഈ പ്രമാണത്തിന്റെ നിലവാരത്തെ സംബന്ധിച്ച കർത്താവിന്റെ മുന്നറിയിപ്പ് ഗൗരവമേറിയതാണ്. അത് തീയുടെ ഗെഹെന്നയിലേക്ക് ഇടുന്നതിനെക്കുറിച്ചുപോലും സംസാരിക്കുന്നു. വിശ്വാസികൾ നശിച്ചുപോകുമെന്ന് ഇത് അർഥമാക്കുന്നില്ലെന്ന് ഞാൻ പിന്നെയും പറയുന്നു. ഒന്നുകിൽ സ്വർഗത്തിലേക്ക് അല്ലെങ്കിൽ നരകത്തിലേക്ക് പോകുമെന്നുമാത്രം പരിതാപകരമായ ക്രിസ്തുമതം ജനത്തോടു പറയുന്നു. വിശ്വാസത്തിന്റെ തത്ത്വമനുസരിച്ച് രക്ഷിക്കപ്പെട്ടതിനുശേഷം നാം പുതിയ പ്രമാണത്തിന്റെ എല്ലാ ആവശ്യകതകളും നിറവേറ്റണമെന്ന് വേദപുസ്തകം വ്യക്തമായി പറയുന്നു. ന്യായപ്രമാണമെന്ന തത്ത്വമനുസരിച്ചല്ല നാം രക്ഷിക്കപ്പെട്ടതെങ്കിലും, നാം പാലിക്കേണ്ടതായ ധാർമികതയുടെ നിലവാരമാണത്. ന്യായപ്രമാണത്തിന്റെ തത്ത്വം നീക്കപ്പെട്ടു, എന്നാൽ ന്യായപ്രമാണത്തിന്റെ കല്പനകൾ ആവശ്യപ്പെടുന്ന ധാർമികത നിലനിൽക്കുകയും ഉയർത്തപ്പെടുകയും ചെയ്തിരിക്കുന്നു. നാം രക്ഷയ്ക്കുവേണ്ടിയുള്ള പ്രമാണത്തിൻ കീഴിലല്ലാത്തതുകൊണ്ട് ധാർമികതയെ ഗൗനിക്കേണ്ടതില്ലെന്ന് ചിന്തിക്കരുത്. ഇത് തികച്ചും തെറ്റായ ഒരു ധാരണയാണ്. പ്രമാണത്തെ സംബന്ധിച്ച കർത്താവിന്റെ വിളംബരത്തിന്റെ നിർണ്ണായകമായ കാര്യം, നാം രക്ഷിക്കപ്പെടുവാൻ പ്രമാണം പാലിക്കേണ്ട ആവശ്യമില്ല, മറിച്ച് വിശ്വാസത്താൽ രക്ഷിക്കപ്പെട്ടതിനുശേഷം പഴയ പ്രമാണത്തെക്കാൾ വളരെ ഉന്നതമായ ധാർമിക നിലവാരം നമുക്കുണ്ടായിരിക്കണം എന്നതാണ്.

## ക്രിസ്തുവിനോടുകൂടെ തങ്ങുവാൻ നിർബന്ധിക്കപ്പെടുന്നു

ഇതു കേട്ടതിനുശേഷം, ഇത് നിവർത്തിക്കുവാൻ കഴിയുകയില്ലെന്ന് നിങ്ങൾ പറഞ്ഞേക്കാം. ഇതു ചെയ്യുവാൻ കഴിയുകയില്ലെന്നു പറയുന്നത് നല്ലതാണ്, കാരണം അപ്പോൾ ക്രിസ്തു നമ്മിലേക്ക് വരേണ്ടത് അനിവാര്യമായിരിക്കും. ന്യായപ്രമാണം പൂർണ്ണമായി പാലിച്ചവനും നമുക്കു പകരമായി മരിച്ചവനുമായ അവൻതന്നെ നമ്മുടെ ജീവനായിരിക്കുവാൻ

പുനരുത്ഥാനത്തിൽ നമ്മിലേക്കു വന്നിരിക്കുന്നു. മത്തായി 5-ലെ കർത്താവിന്റെ മുന്നറിയിപ്പ് ക്രിസ്തുവുമായി തങ്ങുവാൻ നമ്മെ നിർബന്ധിക്കണം. ഭയത്തോടും വിറയലോടും കൂടെയുള്ള ഒരു അനുദിന ജീവിതം നമുക്കുണ്ടായിരിക്കണം. നാം പറയണം, "ഉയർത്തെഴുന്നേറ്റ ക്രിസ്തുവിനോട് അടുത്ത് ഞാൻ തങ്ങണം. ഞാൻ അവനുമായി ഒന്നായിരിക്കണം. അവനെ ഞാൻ വിശ്വസിക്കുകയും അവനിൽ ആശ്രയിക്കുകയും വേണം. സ്വർഗരാജ്യത്തിന്റെ ധാർമിക നിലവാരം എനിക്ക് നിവർത്തിക്കുവാൻ കഴിയാതവണ്ണം വളരെ ഉയർന്നതായതുകൊണ്ട് ഞാൻ കർത്താവിനോടുകൂടെ നിലനിൽക്കണം. എന്റെ സഹോദരനോടുള്ള എന്റെ സംയമനം ഞാൻ നഷ്ടപ്പെടുത്തിയാൽപോലും ഞാൻ തീയിൽ കത്തിക്കപ്പെടും. ഇത് എത്ര ഗൗരവമേറിയതാണ്!"

ചില ക്രിസ്തീയ ഉപദേഷ്ടാക്കന്മാർ ഇതു കേൾക്കുമ്പോൾ, അവർ പറഞ്ഞേക്കാം, "രക്ഷിക്കപ്പെട്ടവരെ തീയിൽ ദഹിപ്പിക്കുമെന്നു പറയുന്നത് വചന വിരുദ്ധമാണ്." മത്തായി 5 വീണ്ടും വായിക്കുക. ഈ അധ്യായം അവിശ്വാസികളോടു സംസാരിച്ച ഒരു വാക്കല്ല; ഇത് ശിഷ്യന്മാർക്ക്, ദൈവത്തിന്റെ പുത്രന്മാരായ രക്ഷിക്കപ്പെട്ടവർക്ക് നൽകിയ ഒരു വാക്കാണ്. അവരുടെ കോപത്തെ അവർ കടിഞ്ഞാണിടുന്നില്ലെങ്കിൽ, അവർ തീയുടെ ഗെഹെന്നയിലേക്ക് എറിയപ്പെടും. "ഇത് തീയുടെ ഗെഹെന്നയാണ്, തീപ്പൊയ്കയല്ല" എന്നു ചിലർ പറഞ്ഞേക്കാം. അത് എന്തു തീയാണെന്നതിനെക്കുറിച്ച് വാദിക്കാതിരിക്കുക, കാരണം ഒരു ചെറിയ തീക്കുപോലും വളരെയേറെ കഷ്ടത്തിനു ഹേതുവാകുവാൻ കഴിയും. ഞായറാഴ്ചതോറും നിരവധി ക്രിസ്ത്യാനികൾ പഞ്ചസാര പൊതിഞ്ഞ ഉപദേശങ്ങൾകൊണ്ട് നിറയപ്പെടുന്നു. അവർ ഒരിക്കലും മത്തായി 5-ൽ നിന്നുള്ള സുബോധമുളവാക്കുന്ന ഒരു വാക്ക് കേട്ടിട്ടില്ല. കർത്താവിന്റെ കരുണയ്ക്കായും കൃപയ്ക്കായും നാം രക്ഷിക്കപ്പെടുവാൻ അവൻ നമുക്കു നൽകിയ വിശ്വാസത്തിനായും നാം കർത്താവിന് സ്തോത്രം ചെയ്യുന്നു. വിശ്വാസത്താൽ രക്ഷിക്കപ്പെടുന്നത് എത്ര അത്ഭുതകരമാണ്! എന്നാൽ രക്ഷിക്കപ്പെട്ടവരെന്ന നിലയിൽ മുന്നറിയിപ്പിന്റെ ഗൗരവമേറിയ വാക്ക് നാം കേൾക്കണം! നമ്മുടെ സഹോദരനോടുള്ള നമ്മുടെ സംയമനം നഷ്ടപ്പെടുത്തുന്നതുപോലും തീയുടെ ഗെഹെന്നയിൽ നമ്മെ കത്തിക്കുവാൻ ഇടയാക്കിയേക്കും.

തീയാൽ വെന്തെരിക്കപ്പെടുമെന്ന ഈ ചിന്ത 1 കൊരിന്ത്യർ 3-ലും എബ്രായർ 6-ലും കാണാം. 1 കൊരിന്ത്യർ 3:15 പറയുന്നു, "ആരുടെയെങ്കിലും വേല വെന്തുപോയാൽ അവന് നഷ്ടമുണ്ടാകും; അവൻ രക്ഷിക്കപ്പെടും; എങ്കിലും തീയിലൂടെ എന്നപോലെയത്രേ." ഇങ്ങനെയുള്ളവൻ രക്ഷിക്കപ്പെടുമെങ്കിലും അവൻ തീയിലൂടെ

ആയിരിക്കും രക്ഷിക്കപ്പെടുന്നത്. എബ്രായർ 6:7-8 പറയുന്നു, "എന്തെന്നാൽ ഭൂമി, അതിന്മേൽ പലപ്പോഴായി പെയ്യുന്ന മഴ കുടിച്ചിട്ട്, കൃഷി ചെയ്യുന്നവർക്ക് അനുയോജ്യമായ സസ്യാദികൾ പുറപ്പെടുവിക്കുമ്പോൾ ദൈവത്തിൽനിന്നുള്ള അനുഗ്രഹത്തിൽ പങ്കുകൊള്ളുന്നു. എന്നാൽ അത് മുള്ളുകളും ഞെരിഞ്ഞിലുകളും പുറപ്പെടുവിച്ചാൽ അത് നിരാകരിക്കപ്പെട്ടതും ശാപത്തിനടുത്തതും ആകുന്നു, കത്തിച്ചുകളയുന്നതത്രേ അതിന്റെ അവസാനം." ഇവിടെ ദൈവത്താൽ അംഗീകരിക്കപ്പെട്ട സസ്യാദികളെ വളർത്തുകയോ, കത്തിച്ചുകളയുവാൻ പോകുന്ന മുള്ളുകളും ഞെരിഞ്ഞിലുകളും പുറപ്പെടുവിക്കുയോ ചെയ്യുന്ന ഭൂമിയോട് വിശ്വാസികളെ ഉപമിച്ചിരിക്കുന്നു. അങ്ങനെയുള്ള ഒരു കത്തിക്കലിലൂടെ കടന്നുപോകുന്നത് എത്ര ഭയങ്കരമാണ്! കൂടാതെ, വെളിപ്പാട് 2:11-ൽ കർത്താവു പറഞ്ഞു, "ജയിക്കുന്നവന് ഒരുവിധത്തിലും രണ്ടാം മരണത്താൽ ദോഷം വരികയില്ല." പരാജിതരായ ക്രിസ്ത്യാനികൾക്ക് തീപ്പൊയ്കയെന്ന രണ്ടാം മരണത്താൽ ദോഷം വരുമെന്ന് ഈ വചനം വിവക്ഷിക്കുന്നു (വെളി. 20:15). രണ്ടാം മരണത്താൽ ദോഷം വരുന്നത് തീപ്പൊയ്കയാൽ സ്പർശിക്കപ്പെടുന്നതാണ്. നിശ്ചയമായും നമ്മിലാരും ഈ തീയാൽ സ്പർശിക്കപ്പെടുവാൻ ആഗ്രഹിക്കുന്നില്ല.

## യുഗപരമായ ശിക്ഷ

വിശ്വാസികളുടെ ന്യായവിധിയെയും അവർക്ക് തീയാൽ ദോഷം വരുന്നതിനെയും കുറിച്ചുള്ള ഈ കാര്യം കാൽവിൻ സിദ്ധാന്തമോ അർമീനിയൻ സിദ്ധാന്തമോ അല്ല. കാൽവിൻ സിദ്ധന്തമനുസരിച്ച് നാം ഒരിക്കൽ രക്ഷിക്കപ്പെട്ടാൽ എന്നെന്നേക്കുമായി രക്ഷിക്കപ്പെട്ടവരാണ്, പിന്നീട് പ്രശ്നങ്ങളൊന്നും ഉണ്ടായിരിക്കുകയുമില്ല. ഒരർഥത്തിൽ കാൽവിൻ സിദ്ധാന്തം ശരിയാണ്, കാരണം ഒരിക്കൽ രക്ഷിപ്പെട്ടു കഴിഞ്ഞാൽ നാം നിത്യതയോളം രക്ഷിക്കപ്പെട്ടവരാണ്. എങ്കിലും, പ്രശ്നങ്ങളൊന്നും ഉണ്ടായിരിക്കുവാൻ കഴിയുകയില്ലെന്ന് നാം പറയരുത്. തീയിൽ കത്തിച്ചുകളയാനുള്ള സാധ്യത അപ്പോഴുമുണ്ട്. അർമീനിയൻ സിദ്ധാന്തമനുസരിച്ച്, ചിലർ രാവിലെ രക്ഷിക്കപ്പെടുകയും അവരുടെ രക്ഷ രാത്രിയിൽ നഷ്ടപ്പെടുകയും ചെയ്യാം. അവരുടെ രക്ഷ ഒരു ലിഫ്റ്റിലെന്നപോലെ മുകളിലേക്കും താഴേക്കും പോകുന്നു. കാൽവിൻ സിദ്ധാന്തവും അർമീനിയൻ സിദ്ധാന്തവും വേദപുസ്തകത്തിലെ നിർമല വചനമനുസരിച്ചുള്ളതല്ല. നാം നിത്യതയോളം രക്ഷിക്കപ്പെട്ടവരാണെങ്കിലും നാം രക്ഷിക്കപ്പെട്ടശേഷം പാപകരമായ സകല കാര്യങ്ങളെയും ജയിക്കേണ്ടത് ആവശ്യമാണെന്ന് വേദപുസ്തകം വെളിപ്പെടുത്തുന്നു. അല്ലെങ്കിൽ, നാം ശിക്ഷണവിധേയരാകും, ശിക്ഷിക്കപ്പെടും. നിങ്ങൾ മാനസാന്തരപ്പെടാതെയും നിങ്ങളുടെ പാപം ഏറ്റുപറയാതെയും

വ്യഭിചാരത്തിൽ തുടരുന്നുവെങ്കിൽ, നിത്യമായ നാശത്തിനു വേണ്ടിയല്ല, മറിച്ച് യുഗപരമായ ശിക്ഷ എന്ന നിലയിൽ അടുത്ത യുഗത്തിൽ നിങ്ങളെ തീയിലിട്ട് കത്തിക്കും.

## നമ്മുടെ കോപത്തെയും മോഹത്തെയും വിട്ടോടുക

നമ്മുടെ യുഗം പരസംഗത്തിന്റെയും വ്യഭിചാരത്തിന്റെയും ഒരു യുഗമാണ്. ഏതു രാജ്യവും അസാന്മാർഗ്ഗികതയാൽ നിറഞ്ഞിരിക്കുന്നു. ഈ വിഷയത്തെ സംബന്ധിച്ച് അനേകർ "വെളുത്തുള്ളിയാൽ" മത്തരാക്കപ്പെടുകയും ഈ പാപത്തെ സംബന്ധിച്ച ബോധം നഷ്ടപ്പെടുകയും ചെയ്തിരിക്കുന്നു. ഈ വാക്ക് നമ്മെ സുബോധമുള്ളവരാക്കട്ടെ! ഇന്നത്തെ പ്രവണതയിൽനിന്നും നാം അകന്നിരിക്കണം. പരസംഗത്തെക്കാൾ കൂടുതൽ ദൈവത്തെ അപമാനിക്കുന്ന മറ്റൊന്നുമില്ല; അത് ദൈവത്തിന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനെ നശിപ്പിക്കുന്നു. നാം എല്ലാവരും നമ്മുടെ കോപത്തെയും നമ്മുടെ മോഹത്തയും വിട്ട് ഓടണം. നിങ്ങളുടെ കോപം വിട്ടോടുക! നിങ്ങളുടെ മോഹം വിട്ടോടുക! നമ്മുടെ സംയമനം നഷ്ടപ്പെടുത്തുന്നതോ നമ്മുടെ മോഹത്തിന് ഇടം നൽകുന്നതോ അപ്രധാനമായ ഒരു കാര്യമല്ല. ഈ കാര്യങ്ങളിൽ ആസക്തമാകുന്നത് നമ്മെ കത്തിക്കുവാനിടയാക്കും. അങ്ങനെ, ഗൗരവമുള്ള ഈ വാക്കിന്, ക്രിസ്തുവിനോട് വളരെ അടുത്ത് തങ്ങുവാൻ നമ്മെ നിർബന്ധിക്കുന്ന ഈ വാക്കിന്, നാം ചെവികൊടുക്കണം. "കർത്താവേ, എന്റെ ഉള്ളിൽ കോപവും മോഹവും ഉണ്ട്. എന്നാൽ കർത്താവേ, എന്റെ ആത്മാവിൽ നീ ഉള്ളതിനായി ഞാൻ നിന്നെ സ്തുതിക്കുന്നു. കർത്താവേ, എന്റെ ശാരീരിക മോഹത്തോടുകൂടെയോ എന്റെ മാനസിക കോപത്തോടുകൂടെയോ തങ്ങുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പ്രിയ കർത്താവായ യേശുവേ, നിന്നോടുകൂടെ എന്റെ ആത്മാവിൽ തങ്ങുവാൻ ഞാൻ ആഗ്രഹിക്കുന്നു" എന്നു നാം പ്രാർഥിക്കണം. ഇവിടെയാണ് നമ്മുടെ രക്ഷയും, നമ്മുടെ മോചനവും, നമ്മുടെ വിശുദ്ധിയും ഉള്ളത്. രാപ്പകൽ കർത്താവിനെ നോക്കിയും, അവനെ ബന്ധപ്പെട്ടും, അവനിൽ ആശ്രയിച്ചുംകൊണ്ട് നമ്മുടെ ആത്മാവിൽ കർത്താവായ യേശുവിനോടുകൂടെ നാം തങ്ങണം.

എല്ലാ ക്രിസ്ത്യാനികൾക്കുമുള്ള ഒരു പ്രശ്നമായ കോപം ഒരു തുരപ്പനെപ്പോലെയാണ്; അത് മറഞ്ഞിരിക്കുന്നതും, കൗശലമേറിയതും, പ്രബലവുമാണ്. ഇതിനെ സംബന്ധിച്ച് നാമെല്ലാവരും ജാഗ്രതയുള്ളവരായിരിക്കണം. മോഹവും ഒരു വലിയ പ്രശ്നമാണ്. വിശുദ്ധന്മാരുടെ ഇടയിൽപോലും പരസംഗത്തിന്റെ നിരവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്നു പറയുവാൻ എനിക്ക് സങ്കടമുണ്ട്. എത്ര ലജ്ജാകരം! വിശുദ്ധന്മാരുടെ ഇടയിലെ പരസംഗത്തെയും വ്യഭിചാരത്തെയുംകാൾ കൂടുതൽ

ലജ്ജാകരമായ യാതൊന്നുമില്ല. ഇത് ദൈവത്താൽ സൃഷ്ടിക്കപ്പെട്ട ജനത്തെയും, സഭാജീവിതത്തെയും, സഭയുടെ സാക്ഷ്യത്തെയും നശിപ്പിക്കുന്നു. യാതൊരു പരസംഗക്കാരനും ദൈവരാജ്യത്തിൽ പങ്കുള്ളവനായിരിക്കുകയില്ലെന്ന് അപ്പൊസ്തലനായ പൗലൊസ് പിന്നെയും പിന്നെയും നമുക്ക് മുന്നറിയിപ്പു തന്നു (1 കൊരി. 6:9-10: ഗലാ. 5:19-21; എഫെ. 5:5). വ്യഭിചാരമോ പരസംഗമോ ചെയ്യുന്ന വിശ്വാസികൾ സ്വർഗരാജ്യത്തിനു വെളിയിലാണ്. രാജ്യജനത്തിന് നീതിയുടെ ഏറ്റവും ഉന്നത നിലവാരം ഉണ്ടായേ തീരൂ. നിങ്ങളുടെ കോപത്തെ അഴിച്ചുവിടുകയോ മോഹിക്കുന്നതിനുവേണ്ടി ഒരു സ്ത്രീയെ നോക്കുകയോ അരുത്. ശ്രദ്ധാലുവായിരിക്കുക! ഈ കാര്യങ്ങൾ നിങ്ങൾ ഗൗരവപൂർവ്വം പരിഗണിക്കുകയും ആ ഉദ്ദേശ്യത്തോട് വേരിൽത്തന്നെ ഇടപെടുകയും ചെയ്യുക. ഈ വാക്ക് ഒരു ഭീഷണിയല്ല; ഇത് ക്രിസ്തുവിനോട് അടുത്തിരിക്കുവാൻ നമ്മെ നിർബന്ധിക്കുന്ന ഒരു മുന്നറിയിപ്പാണ്.

നമുക്ക് മത്തായിയുടെ സുവിശേഷവും യോഹന്നാന്റെ സുവിശേഷവും ഉള്ളതിനായി കർത്താവിന് സ്തോത്രം ചെയ്യാം. യോഹന്നാന്റെ സുവിശേഷത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന ജീവനിൽ നാം ആശ്രയിക്കണം. ഹല്ലേലൂയ്യാ, നമുക്ക് ഇങ്ങനെയുള്ള ഒരു ജീവനുണ്ട്! ഈ ജീവൻ പുനരുത്ഥാന ജീവൻ, ജയിക്കുന്ന ജീവൻ ആണ്. ക്രിസ്തു ജയിച്ചുകഴിഞ്ഞു. ഇപ്പോൾ പുനരുത്ഥാനത്തിൽ അവൻ നമ്മിൽ ജീവിക്കുന്നു. ഈ ജീവനാലാണ് നാം സ്വർഗരാജ്യത്തിന്റെ ഏറ്റവും ഉന്നതമായ ആകശ്യകതകൾ നിറവേറ്റുന്നത്.

## ആത്മാവിനെ അനുസരിച്ചു നടക്കുക

വാസ്തവത്തിൽ നാം ന്യായപ്രമാണം പാലിക്കുകല്ല എന്ന വസ്തുതയെക്കുറിച്ച് നാം വളരെ വ്യക്തത ഉള്ളവരായിരിക്കണം. മറിച്ച്, നാം ആത്മാവിനെ അനുസരിച്ച് നടക്കുകയാണ്. റോമർ 8:4 പറയുന്നത് നാം ആത്മാവിനെ അനുസരിച്ചു നടക്കുമ്പോൾ നാം സ്വമേധയാ ന്യായപ്രമാണത്തിന്റെ സകല നീതിയും നിവർത്തിക്കുന്നു എന്നാണ്. ന്യായപ്രമാണം പാലിക്കുവാൻ നാം ശ്രമിക്കുന്നില്ല, കാരണം അതു പാലിക്കുവാൻ നാം എത്രയധികം ശ്രമിക്കുന്നുവോ, അത്രയുമധികം നാം അതിനെ ലംഘിക്കുന്നു. ഇത് റോമർ 7-ൽ പൂർണ്ണമായി വെളിപ്പെടുത്തുകയും രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഇന്ന് നാം ന്യായപ്രമാണത്തിൻ കീഴിലോ ന്യായപ്രമാണം പാലിക്കുവാൻ കടപ്പെട്ടവരോ അല്ല. നാം ന്യായപ്രമാണത്തിൽ നിന്നും സ്വതന്ത്രരും, ഇപ്പോൾ ആത്മാവിൻപ്രകാരം നടക്കുന്നവരും ആണ്. ആത്മാവിനുള്ളിൽ നമ്മുടെ പുനരുത്ഥാന ജീവനായ ക്രിസ്തു എന്ന രാജാവുണ്ട്. നാം ആത്മാവിൻപ്രകാരം നടക്കുമ്പോൾ,

ഏറ്റവും ഉന്നത പ്രമാണത്തിന്റെ അനുശാസനകൾപോലും നാം നിറവേറ്റുന്നു.

ന്യായപ്രമാണത്തെക്കുറിച്ച് നമുക്കിപ്പോൾ വ്യക്തതയുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ന്യായപ്രമാണത്തിന്റെ തത്ത്വം കഴിഞ്ഞുപോയെന്നും, എന്നാൽ ന്യായപ്രമാണത്തിന്റെ കല്പനകൾ നിലനിൽക്കുന്നുവെന്നും ഉയർത്തപ്പെട്ടിരിക്കുന്നു വെന്നും നമുക്ക് മറ്റുള്ളവരോട് പറയുവാൻ കഴിയും. ഈ ഉയർന്ന ആവശ്യകതകളുടെ നിലവാരം നിറവേറ്റുവാൻ നാം പ്രാപ്തരല്ലെങ്കിലും, നമ്മുടെ ആത്മാവിൽ നമുക്ക് പുനരുത്ഥാന ജീവനുണ്ട്. അതുകൊണ്ട്, നമ്മിൽത്തന്നെ പരിശ്രമിക്കുന്ന അർഥത്തിൽ നാം ന്യായപ്രമാണത്തെ പാലിക്കേണ്ട ആവശ്യമില്ല, എന്നാൽ നാം ആത്മാവിനെ അനുസരിച്ചു നടക്കണം. നാം ആത്മാവിനെ അനുസരിച്ചു നടക്കുമ്പോൾ, ന്യായപ്രമാണത്തിന്റെ സകല ആവശ്യകതകളും സ്വമേധയാ നാം നിറവേറ്റുകയും ഏറ്റവും ഉന്നതമായ ധാർമിക നിലവാരം ഉണ്ടായിരിക്കുകയും ചെയ്യും. ഇതാണ് യേശുവിന്റെ സാക്ഷ്യം, സഭയുടെ സാക്ഷ്യം. ഇതാണ് സ്വർഗരാജ്യത്തിന്റെ യാഥാർഥ്യമായ ശരിയായ സഭാജീവിതം.